സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികളുടെ പ്രവർത്തനം

* 14 [826] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികൾ രജിസ്ട്രേഷൻ എടുക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ബി) സെക്യൂരിറ്റി ഉൾപ്പെടെ വിവിധ ജോലികൾക്ക് ആളുകളെ തെരഞ്ഞെടുത്ത് ജോലിക്ക് നിയമിക്കുന്ന സംസ്ഥാനത്തെ വിവിധ ഏജൻസികളുടെ പ്രവർത്തനം നിയന്ത്രണവിധേയമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ ഏജൻസികൾ മുഖാന്തിരം ജോലിക്ക് നിയമിക്കപ്പെടുന്നവർക്ക് മിനിമം വേജസ് നൽകാത്തതിനെതിരെ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികൾ അഡ്വാൻസ് വാങ്ങി ജീവനക്കാരെ നിയമിച്ചശേഷം ന്യായമായ ശമ്പളം നൽകാതെ ജോലി ചെയ്യിക്കുന്ന സംവിധാനത്തെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) 1960-ലെ കടകളും വാണിജ്യസ്ഥാപനങ്ങളും നിയമത്തിലെ വകുപ്പ് 5(എ) പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കടകളും വാണിജ്യ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യണമെന്ന വ്യവസ്ഥയുണ്ട്. അപ്രകാരം രജിസ്റ്റർ ചെയ്യുന്ന സ്ഥാപനങ്ങളുടെ കൂട്ടത്തിൽ സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികളും ഉൾപ്പെടും. ഇരുപതോ അതിൽ കൂടുതലോ തൊഴിലാളികളെ ഏതെങ്കിലും ഒരു സ്ഥാപനത്തിലെ ജോലിക്ക് നിയോഗിക്കുകയാണെങ്കിൽ പ്രസ്തുത റിക്രൂട്ടിംഗ് ഏജൻസി 1970-ലെ കോൺട്രാക്ട് ലേബർ റെഗുലേഷൻ ആന്റ് അബോളിഷൻ നിയമത്തിന്റെ പരിധിയിൽ വരുന്നതും ആ നിയമത്തിലെ വകുപ്പ് (12) പ്രകാരം ലൈസൻസ് എടുക്കാൻ ബാദ്ധ്യതയുള്ളതുമാകുന്നു.

(ബി) സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ ഫലപ്രദമല്ലെന്ന് കാണുന്നപക്ഷം അവയിൽ ആവശ്യമായ ഭേദഗതി വരുത്തുന്നകാര്യം പരിഗണിക്കുന്നതാണ്.

(സി) സ്വകാര്യ ഏജൻസികൾ മുഖാന്തിരം ജോലിക്ക് നിയമിക്കപ്പെടുന്നവർക്ക് അവർ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം ലഭിക്കുന്നതിന് അർഹതയുണ്ട്. അപ്രകാരം മിനിമം വേതനം ലഭിക്കാത്ത സാഹചര്യത്തിൽ ടി നിയമത്തിലെ വകുപ്പ് 20 (2) പ്രകാരം ക്ലയിം പെറ്റീഷൻ ഫയൽ ചെയ്ത് പരിഹാരം കാണാവുന്നതാണ്. കൂടാതെ സെക്യൂരിറ്റി ജീവനക്കാർക്ക് പ്രത്യേകമായി മിനിമം വേതനം നിശ്ചയിക്കുന്നതിന് കമ്മിറ്റി രൂപീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സഹകാര്യ ഏജൻസികൾ തൊഴിൽ നിയമങ്ങളുടെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് അർഹതപ്പെട്ട ശമ്പളം നൽകിയില്ലെങ്കിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ആ നിയമപ്രകാരവും, മറ്റുള്ളവർക്ക് 1947-ലെ തൊഴിൽതർക്ക നിയമപ്രകാരവും ന്യായമായ വേതനം ലഭിക്കുന്നതിന് തൊഴിൽതർക്കം ഉന്നയിച്ചും പരിഹാരം കാണാവുന്നതാണ്.

റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ മോഡേണൈസേഷൻ പദ്ധതി

* 15 [827] ശ്രീ. വി. ജെ. പൗലോസ്:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, പി. ജെ. ജോയി:
,, എ. പി. അനിൽകുമാർ:
,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ മോഡേണൈസേഷനുള്ള പദ്ധതിക്ക് ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പരിപാടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ പദ്ധതികളിൽ ബി. ഒ. ടി. സ്കീം പ്രകാരം നടപ്പാക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഉണ്ട്.

(ബി) വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ വാണിജ്യവൽക്കരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) കോഴിക്കോട് ബസ് സ്റ്റേഷനുവേണ്ടി ICICI-KINFRA യുമായി എഗ്രിമെന്റ് വച്ച് കഴിഞ്ഞു. മൂന്നാർ, കാസർഗോഡ്, കോട്ടയം ബസ് സ്റ്റാന്റുകളിൽ വ്യാപാരസമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് ബി. ഒ. റ്റി. വ്യവസ്ഥയിൽ ചർച്ചകൾ പുരോഗമിക്കുന്നു.

വനിതാഫെഡിന്റെ പ്രവർത്തനലക്ഷ്യങ്ങൾ

* 16 [828] ശ്രീ. പി. നാരായണൻ :
,, എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ സഹകരണ സംഘങ്ങളുടെ അപ്പക്സ് ബോഡിയായ വനിതാഫെഡ് രൂപീകരിച്ചതെന്നാണ്; ഇതിന്റെ പ്രവർത്തനലക്ഷ്യങ്ങളെന്തെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly